General_Dy(DT)-204/2021/CPTvnr-130-Retender തീയതി : 24-12-2021

## കേരള സർക്കാർ,ജയിൽ വകുപ്പ്

### പുനർ ദർഘാസ് പരസ്യം

പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ഗ്യാസ് കിച്ചൺ സ്ഥാപിക്കുന്നതിൻ്റ ആവശ്യാർത്ഥം എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരം ഗ്യാസ് പൈപ്പ് ലൈൻ (MS മെറ്റീരിയൽ), അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ISI മുദ്രയോടുകൂടിയ വിവിധതരം ഇൻഡസ്ട്രിയൽ എൽ പി ജി സ്റ്റൌവ് എന്നിവ സപ്ലൈ ചെയ്യുന്നതിനും വേണ്ടി PESO ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്ര വെച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. മുദ്ര വെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പരും പേരും എഴുതി സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,തവനൂർ എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

| | | |
|---|---|---|
| ദർഘാസ് നമ്പർ | : | Dy(DT)-204/2021/CPTvnr/Re-tender |
| അടങ്കൽ തുക | : | 2,70,000/-(രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ) |
| ദർഘാസ് ഫോമിൻ്റ വില | : | 600 രൂപ+12% GST |
| ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോമിൻ്റ വില | : | 300 രൂപ+12% GST |
| ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം | : | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ,മലപ്പുറം. |
| ദർഘാസ് ഫോം വിതരണം ചെയ്യുന്ന തീയതി | : | 27-12-2021 |
| ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയ്യതിയും സമയവും | : | 15-01-2022, 03.00 PM |
| ദർഘാസ് തുറക്കുന്ന തീയ്യതിയും സമയവും | : | 15-01-2022, 05.00 PM |
| വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയം | : | എഗ്രിമെൻ്റ് മുതൽ 20 ദിവസം |

എസ്റ്റിമേറ്റും ഡ്രോയിങ്ങും ഓഫീസ് സമയത്ത് തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടാപ്പീസിൽ നിന്നും ലഭിക്കുന്നതാണ്. നിശ്ചിത തീയ്യതിയിലും സമയത്തും നിശ്ചിത ഫോറത്തിൽ മുദ്ര വെച്ച ദർഘാസ് തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടാപ്പീസിൽ സ്വീകരിക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറം വി.പി.പി ആയി അയക്കുകയോ,ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിൻ്റ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

BAIJU K.V
സൂപ്രണ്ട്(ic)

General_Dy(DT)-204/2021/CPTvnr-110-Retender തീയതി : 24-12-2021

## നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തവനൂർ, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് അവർകളുടെ നമ്പർ Dy(DT)-204/2021/CPTvnr റീ ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.

2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി അടങ്കൽ തുകയുടെ 1.5% അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളു. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ച് നൽകുന്നതാണ്.

3 . ഏറ്റവും കുറഞ്ഞ തുകക്ക് ടെണ്ടർ വിളിച്ച് വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയതി മുതൽ 30(മുപ്പത്) ദിവസത്തിനകം ബഹു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരിക്കുകയുള്ളു. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നിവ സംബന്ധമായി എന്തെങ്കിലും തർക്കമുണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

6. ഏറ്റവും കുറഞ്ഞ തുകക്ക് എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരമുള്ള കാര്യങ്ങൾ ജയിലിൽ സ്ഥാപിക്കുന്നതിന് വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വക്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതിന് ശേഷം 3% സെക്യൂരിറ്റി ഡെപ്പോസിറ്റും (EMD ഉൾപ്പെടെ), വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്ര പത്രത്തിൽ ഉടമ്പടി ഒപ്പ് വക്കേണ്ടതുമാണ്. ഇതിന് തയ്യാറാകാതിരുന്നാൽ, അയ്യാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. പുനർ ടെണ്ടർ നടത്തുന്നതുമൂലം സർക്കാരിനുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.

7. എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരമുള്ള വർക്ക് പൂർത്തിയാക്കിയതിനുശേഷം ട്രഷറി മുഖാന്തിരം തുക സ്ഥാപനത്തിൻ്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

8. GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതി.

9 . തക്കതായ കാരണങ്ങളില്ലാതെ നിശ്ചിത സമയത്ത് വർക്ക് പൂർത്തീകരിച്ചില്ലെങ്കിൽ അധികമായി എടുക്കുന്ന ഓരോ ദിവസത്തിനും 200 രൂപ പിഴ അടക്കേണ്ടതാണ്.

10. സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

BAIJU K.V
സൂപ്രണ്ട്(ic)